**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2168** — **01-09-2022 - ൽ മറുപടിയ്ക്ക്**

**പ്രൈവറ്റ് മെഡിക്കൽ കോളേജ് കളിലെ മെറിറ്റ് സീറ്റുകളിലെ പ്രവേശനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോളജുപ്രൈവറ്റ് മെഡിക്കൽ കോളേജ്കളിലെ 50 ശതമാനം മെഡിക്കൽ സീറ്റുകളിൽ സർക്കാർ ഫീസിൽ പ്രവേശനം നടത്താനുള്ള നാഷനൽ മെഡിക്കൽ കമ്മീഷൻ ഉത്തരവ് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിൽ സ്വീകരിച്ച തുടർനടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (എ) | പ്രൈവറ്റ് മെഡിക്കൽ കോളേജുകളിലെ 50 ശതമാനം മെഡിക്കൽ സീറ്റുകളിൽ സർക്കാർ ഫീസിൽ പ്രവേശനം നടത്താനുള്ള വിഷയവുമായി ബന്ധപ്പെട്ട് നാഷണൽ മെഡിക്കൽ കമ്മീഷന്റെ 03/02/2022-ലെ NMC/US(NMC)/Fee-Regulating Committee/2021-02 നമ്പർ ഓഫീസ് മെമ്മോറാണ്ടം സർക്കാരിൽ ലഭിച്ചിട്ടുണ്ട്.ആയതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ ഫീസ് നിയന്ത്രണ സമിതിയുടെ അഭിപ്രായം സർക്കാർ തേടിയിരുന്നു.എന്നാൽ ടി മെമ്മോറാണ്ടത്തിലെ നിർദേശങ്ങൾക്കെതിരെ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകൾ ബഹു.ഹൈക്കോടതി മുൻപാകെ WP(c)Nos.5503,5851& 24112/2022സമർപ്പിക്കുകയും 50% സീറ്റിൽ സർക്കാർ ഫീസ് എന്ന നിർദേശം കേരള സംസ്ഥാനത്തെ പ്രത്യേക സാഹചര്യത്തിൽ പ്രയോഗികമല്ലാത്തതിനാൽ നടപ്പാക്കേണ്ടതില്ലെന്നും കമ്മീഷന്റെ മെമ്മോറാണ്ടത്തിൽപ്പറയുന്ന മറ്റു നിർദേശങ്ങൾ പാലിച്ച് ഫീസ് നിർണയിക്കുവാൻ ബഹു.ഹൈക്കോടതി ഉത്തരവായിട്ടുമുണ്ട്. |
| (ബി) | കമ്മീഷൻ ഉത്തരവ് നടപ്പാക്കുന്നതിൽ നയപരമായ തീരുമാനം എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; | (ബി) | പ്രൈവറ്റ് മെഡിക്കൽ കോളേജുകളിലെ 50 ശതമാനം മെഡിക്കൽ സീറ്റുകളിൽ സർക്കാർ ഫീസിൽ പ്രവേശനം നടത്താനുള്ള വിഷയവുമായി ബന്ധപ്പെട്ട് നാഷണൽ മെഡിക്കൽ കമ്മീഷന്റെ 03/02/2022-ലെ NMC/US(NMC)/Fee-Regulating Committee/2021-02 നമ്പർ ഓഫീസ് മെമ്മോറാണ്ടം സർക്കാരിൽ ലഭിച്ചിട്ടുണ്ട്.ആയതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ ഫീസ് നിയന്ത്രണ സമിതിയുടെ അഭിപ്രായം സർക്കാർ തേടിയിരുന്നു.എന്നാൽ ടി മെമ്മോറാണ്ടത്തിലെ നിർദേശങ്ങൾക്കെതിരെ സ്വകാര്യ സ്വാശ്രയ |

| | | | |
|---|---|---|---|
| | | | മെഡിക്കൽ കോളേജുകൾ ബഹു.ഹൈക്കോടതി മുൻപാകെ WP(c)Nos.5503,5851& 24112/2022സമർപ്പിക്കുകയും 50% സീറ്റിൽ സർക്കാർ ഫീസ് എന്ന നിർദേശം കേരള സംസ്ഥാനത്തെ പ്രത്യേക സാഹചര്യത്തിൽ പ്രയോഗികമല്ലാത്തതിനാൽ നടപ്പാക്കേണ്ടതില്ലെന്നും കമ്മീഷന്റെ മെമ്മോറാണ്ടത്തിൽപ്പറയുന്ന മറ്റു നിർദേശങ്ങൾ പാലിച്ച് ഫീസ് നിർണയിക്കുവാൻ ബഹു.ഹൈക്കോടതി ഉത്തരവായിട്ടുമുണ്ട്. |
| (സി) | മെഡിക്കൽ കമ്മീഷൻ ഉത്തരവിൽ അഡ്മിഷൻ/ഫീ റഗുലേറ്ററി കമ്മിറ്റിയിൽ നിന്ന് അഭിപ്രായം തേടുകയോ സർക്കാർ നിർദേശം നൽകുകയോ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ മറുപടി ഉൾപ്പെടെയുള്ള വിശദാംശങ്ങൾ നൽകുമോ? | (സി) | പ്രൈവറ്റ് മെഡിക്കൽ കോളേജുകളിലെ 50 ശതമാനം മെഡിക്കൽ സീറ്റുകളിൽ സർക്കാർ ഫീസിൽ പ്രവേശനം നടത്താനുള്ള വിഷയവുമായി ബന്ധപ്പെട്ട് നാഷണൽ മെഡിക്കൽ കമ്മീഷന്റെ 03/02/2022-ലെ NMC/US(NMC)/Fee-Regulating Committee/2021-02 നമ്പർ ഓഫീസ് മെമ്മോറാണ്ടം സർക്കാരിൽ ലഭിച്ചിട്ടുണ്ട്.ആയതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ ഫീസ് നിയന്ത്രണ സമിതിയുടെ അഭിപ്രായം സർക്കാർ തേടിയിരുന്നു.എന്നാൽ ടി മെമ്മോറാണ്ടത്തിലെ നിർദേശങ്ങൾക്കെതിരെ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകൾ ബഹു.ഹൈക്കോടതി മുൻപാകെ WP(c)Nos.5503,5851& 24112/2022സമർപ്പിക്കുകയും 50% സീറ്റിൽ സർക്കാർ ഫീസ് എന്ന നിർദേശം കേരള സംസ്ഥാനത്തെ പ്രത്യേക സാഹചര്യത്തിൽ പ്രയോഗികമല്ലാത്തതിനാൽ നടപ്പാക്കേണ്ടതില്ലെന്നും കമ്മീഷന്റെ മെമ്മോറാണ്ടത്തിൽപ്പറയുന്ന മറ്റു നിർദേശങ്ങൾ പാലിച്ച് ഫീസ് നിർണയിക്കുവാൻ ബഹു.ഹൈക്കോടതി ഉത്തരവായിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ